# കേരള സർവകലാശാല

നം. പി.ആർ.042/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ലൈബ്രറി സയൻസ്, ഡി.സി.എ പ്രവേശനം

കേരള സർവകലാശാലയുടെ തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രത്തിന്റെ അംഗീകാരത്തോടെ കാട്ടാക്കട ക്രിസ്ത്യൻ കോളേജിൽ മാർച്ച് മുതൽ ആരംഭിക്കുന്ന ആറു മാസം ദൈർഘ്യമുള്ള സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് (സി.എൽ.ഐ.എസ്.) കോഴ്സിനും ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (ഡി.സി.എ) കോഴ്സിനും അപേക്ഷ ക്ഷണിച്ചു. അടിസ്ഥാന യോഗ്യത പ്ലസ്ടു. പ്രായപരിധിയില്ല. അപേക്ഷാഫോം 100 രൂപയ്ക്ക് കോളേജ് കമ്പ്യൂട്ടർ ലാബിൽ നിന്നും ലഭിക്കും. പൂരിപ്പിച്ച അപേക്ഷ കോളേജ് ഓഫീസിൽ ലഭിക്കേണ്ട അവസാന തിയതി മാർച്ച് 24 വൈകുന്നേരം മൂന്ന് മണി. അടിസ്ഥാന യോഗ്യതയുടേയും ഇന്റർവ്യൂവിന്റേയും അടിസ്ഥാനത്തിലാണ് പ്രവേശനം നൽകുന്നത്. പരീക്ഷ നടത്തുന്നതും സർട്ടിഫിക്കറ്റ് നൽകുന്നതും കേരള സർവകലാശാലയാണ്. കൂടുതൽ വിവരങ്ങൾക്ക് കോളേജ് കമ്പ്യൂട്ടർ ലാബുമായി ബന്ധപ്പെടുക. ഫോൺ: 9495825335/9400976245

### പി.ജി.ഡി.കെ.എം : സീറ്റൊഴിവ്

കേരള സർവകലാശാല കാര്യവട്ടം ഫ്യൂച്ചേഴ്സ് സ്റ്റഡീസ് പഠനവകുപ്പ് നടത്തുന്ന പി.ജി ഡിപ്ലോമ ഇൻ നോളജ് മാനേജ്മെന്റ് (പി.ജി.ഡി.കെ.എം – 2016–17) കോഴ്സിന് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. താൽപര്യമുള്ളവർ ബന്ധപ്പെട്ട രേഖകളുമായി ഫെബ്രുവരി 27 രാവിലെ 11 മണിയ്ക്ക് കാര്യവട്ടം ഫ്യൂച്ചേഴ്സ് സ്റ്റഡീസ് പഠനവകുപ്പിൽ നേരിട്ട് ഹാജരാകണം. മറ്റ് വിശദവിവരങ്ങൾ വെബ്സെറ്റിൽ (www.keralauniversity.ac.in) ലഭിക്കും. ഫോൺ:0471–2305321, 9446403562.

### രാജ്യാന്തര സമ്മേളനം

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗം കോമേഴ്സ് ഫാക്കൽറ്റിയുടെ ആഭിമുഖ്യത്തിൽ മാർച്ച് 22, 23, 24 തീയതികളിൽ 'ഓൾട്ടർനേറ്റിവ് ഫിനാൻസ് ആന്റ് സസ്റ്റയിനബ്ൾ സോഷ്യോ– എക്കോണമിക് ഡവലപ്മെന്റ്' എന്ന വിഷയത്തിൽ പാളയം സെനറ്റ് ഹൗസ് കാമ്പസിൽ വച്ച് രാജ്യാന്തര സമ്മേളനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് സമ്മേളന സെക്രട്ടറി മുശ്താഖ് അഹമ്മദുമായി (ഫോൺ : 9446250397) ബന്ധപ്പെടുക.

### എം.എ ഇംഗ്ലീഷ് ലാംഗേജ് ആൻഡ് ലിറ്ററേച്ചർ ഫലം

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗം 2016 ജൂലൈ/ആഗസ്റ്റ്/സെപ്റ്റംബറിൽ നടത്തിയ എം.എ ഇംഗ്ലീഷ് ലാംഗേജ് ആൻഡ് ലിറ്ററേച്ചർ (ഫൈനൽ/പ്രീവിയസ്– സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എസ്സി ജോഗ്രഫി പ്രാക്ടിക്കൽ

കേരള സർവകലാശാല 2016 ആഗസ്റ്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്സി ജോഗ്രഫി പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ മാർച്ച് എട്ട്, ഒമ്പത് തീയതികളിൽ അതത് കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. വിശദ വിവരങ്ങൾ കോളേജിലും സർവകലാശാല വെബ്സൈറ്റിലും (www.keralauniversity.ac.in) ലഭിക്കും.

## എം.എസ്സി ബയോ ടെക്നോളജി പ്രാക്ടിക്കൽ

കേരള സർവകലാശാല 2016 ആഗസ്റ്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്സി ബയോ ടെക്നോളജി പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ മാർച്ച് ഒമ്പത് മുതൽ അതത് കോളേജുകളിൽ വച്ച് നടത്തുന്നതാണ്. വിശദ വിവരങ്ങൾ കോളേജിലും സർവകലാശാല വെബ്സൈറ്റിലും (www.keralauniversity.ac.in) ലഭിക്കും.

## എം.ബി.എ ഫലം

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗം 2016 ജൂൺ/ ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.ബി.എ, (2013-15 ബാച്ച്) പരീക്ഷഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ത്രിദിന ദേശീയ സെമിനാർ

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ മാർച്ച് ഒന്ന്, രണ്ട്, മൂന്ന് തീയതികളിൽ 'പർശ്വവത്കൃത സമൂഹത്തിന്റെ പ്രതിനിധാനം - ഭാരതീയ സാഹിത്യത്തിൽ' എന്ന വിഷയത്തിൽ നടത്തുന്ന ത്രിദിന ദേശീയ സെമിനാർ പ്രോ-വൈസ് ചാൻസിലർ ഡോ. എൻ. വീരമണികണ്ഠൻ ഉദ്ഘാടനം ചെയ്യും.

## തൊഴിൽമേഖലയിൽ സൗജന്യ പരിശീലനം

കേരള സർവകലാശാല ഗാന്ധിയൻ പഠനകേന്ദ്രവും നാഷണൽ സർവ്വീസ് സ്കീമും സംയുക്തമായി വിവിധതരം തൊഴിൽമേഖലയിൽ മാർച്ച് ഒന്ന് മുതൽ 27 വരെ സൗജന്യ പരിശീലനം നൽകുന്നു. കേക്ക് നിർമ്മാണം, കുട നിർമ്മാണം, എൽ.ഇ.ഡി. ബൾബ്ബ് നിർമ്മാണം, സോപ്പുൽപന്ന നിർമ്മാണം, ആഭരണ നിർമ്മാണം, റക്സിൻബാഗ് നിർമ്മാണം, മെഴുകുതിരി, ചന്ദനത്തിരി നിർമ്മാണം, സ്ക്രീൻപ്രിന്റിംഗ് എന്നിവയിലാണ് പരിശീലനം. പരിശീലനം പൂർത്തിയാക്കുന്നവർക്ക് കേരള സർവകലാശാല ഗാന്ധിയൻ പഠനകേന്ദ്രം സർട്ടിഫിക്കറ്റ് നൽകും. പരിശീലനകേന്ദ്രം പി.എം.ജി-യിലുള്ള സ്റ്റുഡന്റ്സ് സെന്ററിലായിരിക്കും. സമയം രാവിലെ 10 മുതൽ നാല് വരെ. താൽപര്യമുള്ളവർ ഗാന്ധിയൻ പഠനകേന്ദ്രത്തിലോ 0471-2305663, 9446430831 എന്ന നമ്പറുകളിലോ ബന്ധപ്പെടുക.

## എൽ.എൽ.എം. - ടീച്ചിംഗ് പ്രാക്ടീസ് - പരീക്ഷ കേന്ദ്രങ്ങൾ

കേരള സർവകലാശാല 2016-ൽ നടത്തിയ ഒന്നാം സെമസ്റ്റർ എൽ.എൽ.എം. പരീക്ഷയുടെ ടീച്ചിംഗ് പ്രാക്ടീസ് പരീക്ഷകൾ മാർച്ച് 20-ന് ഗവ. ലോ കോളേജിലും മാർച്ച് 21-ന് നാലാഞ്ചിറ മാർ ഗ്രിഗോറിയസ് ലോ കോളേജിലും മാർച്ച് 22-ന് കേരള ലോ അക്കാദമി ലോ കോളേജിലും രാവിലെ 10 മണി മുതൽ ആരംഭിക്കും. കൊല്ലം ശ്രീ നാരായണ കോളേജ് ഓഫ് ലീഗൽ സ്റ്റഡീസ് വിദ്യാർത്ഥികൾ ഗവ. ലോ കോളേജിൽ പരീക്ഷയ്ക്ക് ഹാജരാകണം.

## എൽ.എൽ.എം ഫലം

കേരള സർവകലാശാല ജൂണിൽ നടത്തിയ മൂന്നാം സെമസ്റ്റർ എൽ.എൽ.എം. പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സൂക്ഷ്മപരിശോധനയ്ക്ക് മാർച്ച് 24 വരെ അപേക്ഷിക്കാം.

## ബി.എ. എൽ.എൽ.ബി ഫലം

കേരള സർവകലാശാല ആഗസ്റ്റിൽ നടത്തിയ എട്ടാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് ബി.എ. എൽ.എൽ.ബി (പഞ്ചവത്സരം) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 16 വരെ അപേക്ഷിക്കാം.

## ബി.ടെക്. പരീക്ഷാ കേന്ദ്രത്തിൽ മാറ്റം

കേരള സർവകലാശാല ഫെബ്രുവരി 27-ന് ആരംഭിക്കുന്ന എട്ടാം സെമസ്റ്റർ ബി.ടെക് (2008 സ്കീം) പരീക്ഷയ്ക്കും മാർച്ച് ഒന്നിന് ആരംഭിക്കുന്ന ഒന്ന്, രണ്ട് സെമസ്റ്റർ ബി.ടെക് (2013 സ്കീം) പരീക്ഷയ്ക്കും ഓയൂർ ട്രാവൻകൂർ എഞ്ചിനീയറിംഗ് കോളേജ് പരീക്ഷാ കേന്ദ്രമായി അപേക്ഷിച്ചവർ കൊല്ലം വടക്കേവിള യൂനുസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജിയിൽ പരീക്ഷയെഴുതണം. ഹാൾടിക്കറ്റ് വടക്കേവിള യൂനുസ് കോളേജിൽ നിന്നും തിരിച്ചറിയൽ രേഖയുമായി വന്ന് കൈപ്പറ്റണം.

തിരുവനന്തപുരം.
23.02.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ


e-mail: ku.release@gmail.com website: www.keralauniversity.ac.in



University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098